# പ്രതികരണങ്ങൾ — 11



പ്രതികരണങ്ങൾ — 11
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Mental Calculation. In Public School of S. A. Rachinsky, a painting by Nikolay Bogdanov-Belsky (1868–1945). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## നിസാർ അഹമ്മദ്: ബുദ്ധിജീവികൾക്ക് എന്തു സംഭവിച്ചു

**സതീശ് ചന്ദ്രൻ:** 'ബുദ്ധിജീവികൾക്ക് എന്തു സംഭവിച്ചു?' കേട്ടപ്പോൾ പേടിച്ചു പോയി. പക്ഷെ വായിച്ചു നോക്കിയപ്പോൾ സമാധാനമായി.

1. ബുദ്ധിജീവികൾക്ക് ഒന്നും സംഭവിച്ചിട്ടില്ല (നിലവിലുള്ളതിനല്ലേ എന്തെങ്കിലും സംഭവിക്കൂ എന്ന simple logic).
2. ബുദ്ധിജീവികളെ, (വേണമെങ്കിൽ, വളരെ കഷ്ടപ്പെട്ട്, ഒരു പരിധി വരെ) നിർവ്വചിക്കാം. എന്നാൽ സാംസ്കാരിക നായകന്മാരെ നിർവ്വചിക്കാനുള്ള വിദ്യ ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.
3. ബുദ്ധി ജീവികൾ, സാംസ്കാരിക നായകന്മാർ എന്നെല്ലാം ഇപ്പോൾ വിശേഷിക്കപ്പെടുന്നവർ ......മാരാണ്.
4. നിസ്സാർ അഹമ്മദ്, നിസ്സാരനല്ല—നിജസ്ഥിതി തിരിച്ചറിയാൻ പ്രാപ്തനും അത് വിളിച്ചു പറയാൻ മാത്രം സത്യസന്ധനുമാണ്.

## അനിത തമ്പി: മിറാൻഡ മിറാൻഡ മിറാൻഡ

**മുസ്തഫ കമാൽ:** അനിതാ തമ്പിയുടെ മിറാൻഡ എന്ന കഥ എങ്ങനെയാ ഐഷാ സഹ്റയ്ക്കും ഐസാ സൈനയ്ക്കും കേൾപ്പിച്ച് കൊടുക്കാൻ കഴിയുക എന്നോർക്കുകയാണ് ഞാൻ. ഞാനവരെപ്പോലെ ചെറിയ കുട്ടിയായിപ്പോയത് കണ്ട് അവർ അന്തം വിടും.

**സാന്റി:** മിറാൻഡ × 3 വായിച്ചു. കുട്ടിത്തം നിറഞ്ഞ, ലളിതമായ ആവിഷ്കാരം ഇഷ്ടപ്പെട്ടു. മുമ്പ് എസ്. കെ. പൊറ്റെക്കാട്ടിന്റെ 'ഒരു ദേശത്തിന്റെ കഥ' യിലെ പോലെയുള്ള വർണ്ണനകൾ രംഗം നേരിൽ കാണും പോലെ തോന്നിപ്പിക്കുന്നു.

**ഐശ്വര്യ ആർ:** മിറാൻഡ മിറാൻഡ മിറാൻഡ വളരെ മനോഹരമായ കഥ.

ബാല്യത്തിലേക്ക് ഒരു നിമിഷം തിരിഞ്ഞു നടക്കാൻ തോന്നി ഇല്ലെങ്കിൽ ബാല്യകാലത്തിലേക്ക് തിരിച്ചുപോയി എന്നു പറയാം. കഥയിലെ ഗ്രാമ പശ്ചാത്തലവും പുഴയോരവും.

## വായനക്കാർ: പ്രതികരണങ്ങൾ

**കെ. വി. രജീഷ്:** പ്രതികരണങ്ങൾ—10-ന്റെ മുഖചിത്രം നികൊളായ് ബോഗദനോവ്-ബെൽസ്കിയുടെ പെയിന്റിങ്ങാണ്. ഒരു ആകസ്മികതയിൽ ഇന്നലെ തലപുകച്ച ഒരു ഗണിതപ്രശ്നത്തിന്റെ കാരണക്കാരനും നികൊളായ് തന്നെയായി.

അദ്ദേഹത്തിന്റെ ഒരുപക്ഷേ, ഏറ്റവും പ്രശസ്തമായ ചിത്രം 1895-ൽ വരച്ച 'മനക്കണക്ക്' [1] ആവണം. കറുത്ത ബോഡിൽ എഴുതിയ ഒരു ഗണിതപ്രശ്നവും അതു നിർദ്ധാരണം ചെയ്യാൻ തല പുകയ്ക്കുന്ന ഒരു പറ്റം കുട്ടികളെ സാകൂതം വീക്ഷിക്കുന്ന അദ്ധ്യാപകൻ റാചിൻസ്കിയും. ആ ബോഡിലെഴുതിയിരിക്കുന്ന പ്രശ്നം ഇതാണ്: $\frac{(10^2+11^2+12^2+13^2+14^2)}{365}$.

ഇന്നലെ ഒരാൾ ചോദിച്ചത് ഇതെങ്ങനെ മനക്കണക്ക് കൂട്ടാം എന്നാണ്.

ഒരു വഴി ഇതാണ്: $(n+1)^2 = n^2 + 2n + 1$ എന്നതുപ്രകാരം $(10 + \ n)^2 = 100 + 20n + n^2$ ആയതിനാൽ

$$\begin{aligned}
10^2 + 11^2 + 12^2 + 13^2 + 14^2 \\
&= 5 \times 100 + 20 \times (1 + 2 + 3 + 4) \\
&\quad + (1^2 + 2^2 + 3^2 + 4^2) \\
&= 500 + 20 \times 10 + 30 \\
&= 730
\end{aligned}$$

എന്നും, അന്തിമ ഉത്തരം 2 എന്നും കിട്ടുന്നു. ഒരു ചിത്രം നടത്തിക്കുന്ന വഴികൾ!

---

1. https://en.wikipedia.org/wiki/Nikolay_Bogdanov-Belsky#/media/File:BogdanovBelsky_UstnySchet.jpg

## ഹുസൈൻ—രാധാകൃഷ്ണൻ സംഭാഷണം: പാഠസംരക്ഷണത്തിന്റെ അനുഭവപാഠങ്ങൾ

**ദാമോദർ പ്രസാദ്:** Containment zone-ലായതുകൊണ്ട് അവധി ദിനം പോലെയാണ്. എല്ലാം ഒരു വേള മന്ദ ഗതിയിലായി. സാധാരണ ഗതിയിലുള്ള ഓഫീസ് ദിവസമാണെങ്കിൽ സായാഹ്നയിൽ പ്രസിദ്ധീകരിക്കുന്ന ദീർഘമായതും ഇരുന്നുപിടിച്ച് വായിക്കേണ്ടതായ എഴുത്തുകൾ മറ്റൊരു ദിവസത്തേക്ക് മാറ്റിവെയ്ക്കുകയാണ് ചെയ്യാറുള്ളത്.

ചെറുകഥയ്ക്കും കാർട്ടൂണുകൾക്കും കുറിപ്പുകൾക്കും ശ്രദ്ധ വേണ്ടെന്നല്ല. പക്ഷേ, ഒറ്റയിരിപ്പിന് അത് വായിക്കാനും, ആസ്വദിക്കാനും, കണ്ടറിയാനും പറ്റും. ദീർഘ ലേഖനങ്ങൾ പിന്നീട് വായിക്കാൻ മാറ്റി വെച്ചിരിക്കുന്നത് ആ അവസ്ഥയിൽ തുടരുകയും ചെയ്യും.

ഇത് എന്റെ മാത്രം അനുഭവമായിരിക്കില്ല.

എന്തായാലും containment ദിവസമാകയാൽ ഈ അഭിമുഖം മുഴുവൻ വായിക്കാൻ കഴിഞ്ഞു.

ഭാഷാ സാങ്കേതികതയിലൂന്നുന്ന ഈ ചോദ്യോത്തരം മലയാള ഭാഷ ഐ സി റ്റിയുമായുള്ള നാളിതുവരെയുള്ള ഇടപാടുകളുടെ ആഴ ചരിത്രമാണ്. ഗവേഷകർക്ക് വലിയ സ്രോതസ്സാണ്. സാങ്കേതിക വിദ്യയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള രാഷ്ട്രീയ വ്യക്തത ഭാഷാ സാങ്കേതിക പ്രവർത്തനങ്ങൾക്ക് ഒരു ദിശാബോധം നല്കുന്നു. അച്ചടി ഇക്കോണമിയിൽ നിന്ന് കോപിറൈറ്റേതര സർഗ്ഗാത്മക രചനകളുടെ പൊതുമയെക്കുറിച്ചുള്ള കാഴ്ചപ്പാടും ഇതിന് അടിസ്ഥാനമേകുന്നു എന്ന് വിശദീകരിക്കുന്നു.

ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറയണമെന്നുണ്ട്. പക്ഷേ, മൊബൈൽ വിളികൾ ശ്രദ്ധതെറ്റിക്കുന്നു.

അതൊഴിവാക്കാൻ പറ്റില്ലല്ലൊ.

വാസ്തവത്തിൽ, സായാഹ്ന മൊബൈൽ പതിപ്പുകൾ കൈയിലേക്ക് വരുന്നത് ലോക്ക് ഡൗണിന്റെ ആദ്യ ഘട്ടത്തിലാണ്.

അന്ന് എല്ലാ മധ്യ വർഗ ജീവികളെയും പോലെ വീടിന്റെ സുരക്ഷയിൽ സമയ മിച്ചം വായിച്ചു തീർക്കാമായിരുന്നു. ആ സമയം തന്നെ നാടിന്റെ നാനാഭാഗത്തു നിന്നു ദുരിതങ്ങളുടെയും യാതനകളുടേയും വാർത്തകൾ വന്നുകൊണ്ടിരിക്കുന്നുമുണ്ടായിരുന്നു.

**കെ. വി. രജീഷ്:** "എണ്ണമറ്റ ലിപികളുപേയാഗിക്കുക, അവയുടെ തന്നെ വിവിധതരം ഗുണവിശേഷങ്ങൾ [6] നിവേശിക്കുക, സാദ്ധ്യമെങ്കിൽ എത്രത്തോളം നിറങ്ങളുപേയാഗിക്കാമോ അത്രയും നിറങ്ങളിൽ പാഠം വിന്യസിക്കുക... എന്നിവയൊക്കെയാണ് ഭാഷയിലെ പാഠവിന്യാസത്തെ നിയന്ത്രിക്കുന്ന പ്രധാന ഘടകങ്ങൾ."

ഇത്തരം പാഠവിന്യാസത്തിന്റെ ഒരു മകുടോദാഹരണമാണ് കഴിഞ്ഞയാഴ്ച വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച ഹയർ സെക്കൻഡറി പ്രവേശനസഹായി. ഒരൊറ്റ താളിൽ മാത്രം 8 നിറങ്ങൾ. ഇളം പച്ചയിലുള്ള നിർദ്ദേശങ്ങൾ സാധാരണ കാഴ്ചയുള്ളവർക്കു തന്നെ വായിക്കാൻ പ്രയാസം. പാരായണക്ഷമത/ഭിന്നകാഴ്ചശേഷി (ആക്സസ്സിബിലിറ്റി) എന്നിവയെപ്പറ്റിയുള്ള കുറ്റകരമായ അനാസ്ഥ. ലക്ഷക്കണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും അക്ഷയപ്രവർത്തകരും വായിക്കാനുള്ളതാണ്. എങ്ങനെ ഒരു പ്രമാണം ടൈപ്സെറ്റ് ചെയ്യരുത് എന്നതിന് ഉദാഹരണമായെടുക്കാം.

https://www.hscap.kerala.gov.in/upfile/Manualonlinestudent.pdf

**ഉമർ തറമേൽ:** ഓഫ്സൈഡ് കേറിക്കളിക്കുന്ന പത്രപ്രവർത്തകൻ... പ്യാരി.

**ദാമോദർ പ്രസാദ്:** വി. മുസഫർ അഹമദിന്റെ മലപ്പുറം പന്തുകളിയുടെ ജിന്നിയോളജി (jinneology) നമ്മളെ—പല പുതിയ അറിവുകളിലേക്കും കൊണ്ടുപോകുന്നു.

മലപ്പുറം കേരളത്തിലെ അല്ല, ഇന്ത്യയിലെ തന്നെ ബ്രസീലാണെന്ന് വിശേഷിപ്പിക്കപ്പെട്ടു കേട്ടിട്ടുണ്ട്. കൽക്കത്തയ്ക്കു പോലും ആ സ്ഥാനമുണ്ടെന്ന് തോന്നുന്നില്ല. മലപ്പുറത്തോടുള്ള ഫോബിയ കാരണം മലപ്പുറത്തെ കൊച്ചു പാക്കിസ്ഥാനായി കാണുന്ന ഒരു രീതി പാത്തും പതുങ്ങിയുമാണെങ്കിലും നിലനില്ക്കുന്നുണ്ടല്ലൊ.

ലോകകപ്പ് വരുന്നതോടെ, മലപ്പുറം സാർവ്വദേശീയതയുടെ ഒരു യു. എൻ. മൈതാനമാകും. ലോകകപ്പ് മത്സരത്തിൽ പങ്കെടുക്കുന്ന ലോക രാജ്യങ്ങളുടെ കൊടി തോരണങ്ങൾ കാണാത്തൊരിടമില്ല മലപ്പുറത്ത്.

ഇന്ന് അന്താരാഷ്ട്ര മാധ്യമങ്ങളിൽ ഫുട്ബോൾ ഭ്രാന്തിന്, വി. മുസഫർ അഹമദ്, വിശദീകരിക്കുന്നതുപോലെ, ഒരു ആൻറി കൊളോണിയൽ പാരമ്പര്യമുണ്ട്. അതാണതിന്റെ ജിന്നിയോളജി (jinneology) ജിന്നുകൾക്ക് തങ്ങളുടെ മാന്ത്രിക ശക്തി പ്രയോഗിക്കുന്ന മലപ്പുറത്തെ ഫുട്ബോൾ ചരിത്രത്തെ ജിന്നിയോളജി എന്ന് വിളിക്കാം. (ദൽഹിയിലെ ഫിറോഷ് ഷാ കോട്ട്‌ലയുമായി ബന്ധപ്പെട്ട് അങ്ങനെയൊരു പഠനം തന്നെയുണ്ട്).

നഗ്നപാദ പന്തുകളിക്കാരുടെ മൈതാന വിജയത്തെ കുറിച്ച് വി. മുസഫർ അഹമദിന്റെ ആഖ്യാനം ലഗാൻ സിനിമയുടെ മട്ടിൽ വലിയ സ്ക്രീനിൽ വൻ ആരവത്തോടെ സങ്കല്പിക്കാം. പക്ഷേ, ഒരൊറ്റ വ്യത്യാസമേയുള്ളൂ. കാതലായതാണ് അത്. ലഗാൻ ഒരു വൻകിട ഭൂരിപക്ഷ ദേശീയതയുടെ ആവിഷ്ക്കാരമായിരുന്നെങ്കിൽ, ഇവിടെ അതൊരു മൈനർ ദേശീയതയാണ്. Fragmented. മാത്രവുമല്ല, മലപ്പുറത്തെ പന്തുകളിയുടെ ഇതിഹാസത്തിലെ, വി. മുസഫർ അഹമദ് പേരെടുത്തു പറയുന്നവർ, വീരന്മാർ പാക്കിസ്ഥാൻ രാഷ്ട്രത്തിലെ ഫുട്ബോളിലെ പ്രധാനികളായി മാറിയവരാണ്.

മലപ്പുറത്തിന്റെ സാംസ്കാരിക പ്രബുദ്ധതയുടെ ഭാഗമാണ് പന്തുകളി. മാപ്പിള പാട്ടുകളുടെ ഈണത്തിൽ നന്നായി ചൊല്ലാവുന്ന ഫുട്ബോൾ പാട്ടിനെ പറ്റി പറയുന്നുണ്ട്; അങ്ങനെയുള്ള ഒരു പാട്ട് ഇതിൽ കൊടുത്തിട്ടുമുണ്ട്. നമ്മുടെ അക്കാദമിക ഫോക്ക് ലോർ ഗവേഷകന്മാരൊന്നും ആ വഴി അത്തരം പാട്ടുകളെ സമാഹരിക്കാൻ സാഹസപ്പെട്ടു കാണില്ല.

ആദ്യം അതൊരു തദ്ദേശീയമായ ലോക ബോധമാണെന്നു ഉൾക്കൊണ്ട് അതിനെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഫോക്ക്‌ലോർ പണ്ഡിതന്മാരാൽ സർട്ടിഫൈ ചെയ്തു കിട്ടിയാൽ മാത്രമേ നമ്മുടെ പുതിയ ഗവേഷകരൊക്കെ ആ വഴി തിരിയാൻ സാധ്യതയുള്ളൂ. തെയ്യ പഠനത്തിൽ നിന്ന് അടുത്ത കാലത്തായി കുറച്ചൊക്കെ മുന്നേറിയ കേരള ഫോക്ക് ലോർ മലപ്പുറത്തിന്റെ ഫുട്ബോളിന്റെ ചരിത്രം അന്വേഷിച്ചു പോകുമെന്ന് വിചാരിക്കാം.

ഇങ്ങനത്തെ മറ്റൊരു ഒഴിവാക്കലിനെ പറ്റിയാണ് വി. മുസഫർ അഹമദ് കളി സംബന്ധമായ പത്ര പ്രവർത്തനത്തിന്റെ കാര്യം പറഞ്ഞുകൊണ്ട് വിശദീകരിക്കുന്നത്...

അന്താരാഷ്ട്ര മാധ്യമങ്ങൾ പോലും റിപ്പോർട്ട് ചെയ്യുന്ന മലപ്പുറത്തെ ഫുട്ബോൾ ഭ്രാന്ത്...

**ഒ. പി. സുരേഷ്:** മലപ്പുറത്തിന്റെ മതമാണ് ഫുട്ബോൾ. ഒരിക്കലെങ്കിലും പന്തുതട്ടാതെ ഒരു മലപ്പുറത്തുകാരനും ജീവിതത്തിന്റെ കളിക്കളം വിട്ടിട്ടുണ്ടാവില്ല. പ്രായഭേദമില്ലാതെ എല്ലാവരും കളിക്കാരായ അരീക്കോട് തെരട്ടമ്മൽ പോലുള്ള നിരവധി ഫുട്ബോൾ ഗ്രാമങ്ങൾ. മഴക്കാലത്ത് കാളപൂട്ടുകണ്ടങ്ങളായും വേനലിൽ ഫുട്ബോൾ മൈതാനങ്ങളായും ജേഴ്സി മാറ്റുന്ന വെളിമ്പറമ്പുകൾ. ദീർഘ ദീർഘങ്ങളായ അലങ്കാര വിവരണങ്ങൾ നിറഞ്ഞ നെടുനീളൻ പരസ്യവാചകങ്ങളുടെ ഇടിമുഴക്കങ്ങളുമായി ഉൾനാടൻ ചെമ്മൺപാതകളിൽ പൊടിപറത്തുന്ന അനൗൺസ്മെന്റ് ജീപ്പുകൾ. പണിയും കളിയും തമ്മിലിടയാതെ രാത്രികളെ സ്വച്ഛന്ദ കളിനേരമാക്കുന്ന താൽക്കാലിക ഫ്ലഡ് ലിറ്റ് സ്റ്റേഡിയങ്ങൾ. ഓർമകളിൽ സദാ പിന്തുടരുന്ന ഗാലറികളുടെ നിലക്കാത്ത ആരവങ്ങൾ... ഒരു ദേശം അതിന്റെ ജീവശ്വാസമായി ഒരു കളിയെ കാര്യമായെടുത്തതിന്റെ കാരണങ്ങൾ കൂടുതൽ പഠനവും ഗവേഷണവും അർഹിക്കുന്നുണ്ട്. നന്ദി മുസഫർ അഹമ്മദ്, സായാഹ്ന.

**ഉമർ തറമേൽ:** മുസഫറിന്റെ കളി ലേഖനവും മലപ്പുറത്തെ കളിഭ്രാന്തിന്റെ ചരിത്രവുമൊക്കെ ഓർമ്മിക്കുമ്പോൾ വിട്ടുപോകാൻ പറ്റാത്ത ഒരു മനുഷ്യനുണ്ട്, സീതിഹാജി. അദ്ദേഹം നല്ലൊരു ഫുട്ബോൾ കളിക്കാരനും ആസ്വാദകനും കൂടിയായിരുന്നു. സീതിഹാജി ഫലിതങ്ങളിൽ കളി ഫലിതങ്ങൾ കുറച്ചുണ്ട്. ഒന്ന് പങ്കു വെക്കട്ടെ.

ഒരിക്കൽ കുറേ ചെറുപ്പക്കാർ, മലപ്പുറത്തു നടക്കാൻ പോകുന്ന ഒരു സെവൻസ് ഫുട്ബോൾ മത്സരത്തിന്, സംഭാവന ആവശ്യപ്പെട്ട് സീതി ഹാജിയെ സമീപിച്ചു. എന്തോ തിരക്കിലായിരുന്ന ഹാജി, ഇപ്പോൾ നടക്കില്ലെന്നും പിന്നെ കാണാമെന്നും പറഞ്ഞു, സന്ദർശകരെ ഒഴിവാക്കാൻ നോക്കി. ‘ഹാജ്യാരെ, ഇത് വെറും ഫുട്ബാളല്ല ലീഗ് ഫുട്ബാൾ ആണ്’ വന്നവരിൽ ഒരാൾ പറഞ്ഞു. ഇതു കേട്ട ഹാജി: ‘ഹംകേ, അനക്ക് നേരത്തെ പറഞ്ഞൂടെ’ എന്ന് പറഞ്ഞു ഇഷ്ടമുള്ള തുക സംഭാവന എഴുതാൻ പറഞ്ഞു.

## ടി. ജിതേഷ്: നേരത്തോട്ട നേരം കഴിഞ്ഞപ്പോൾ

**ടി. ജിതേഷ്:** സായാഹ്നയുടെ ഏതൊരു ലക്കവും പോലെത്തന്നെ കെട്ടും മട്ടും അസ്സലായിട്ടുണ്ട്.

ഭട്ടതിരിയുടെ കലിഗ്രഫി സുന്ദരം. അഭിജിത്തിന്റെ വരയിലെ സുന്ദരേശന്റെ നേർക്കാഴ്ചയും ശ്രീകുമാരിയുടെ ഇരുളിൽത്തെളിഞ്ഞ രൂപവും കഥയുടെ തുടക്കമെന്നോണം മുഖചിത്രത്തിലെ അഴിഞ്ഞുലഞ്ഞ സാരിയും അവസാനഭാഗത്തെ ഒരുമിച്ചപോക്കും ഇഷ്ടമായി.

വളരെ ആകർഷകമായി ഉള്ളറിഞ്ഞൊരുക്കിയതിൽ ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

**നന്ദിനി മേനോൻ:** ‘നേരത്തോട്ട നേരം കഴിഞ്ഞപ്പോൾ’ ലളിത വായന പ്രസന്നമായ ഭാഷ. കഥ ആദ്യ വരികളിൽത്തന്നെ മനസിലായതിനാൽ അങ്കലാപ്പും ഇല്ല .

## വി. ആർ. സന്തോഷ്: മലയാളി സിനിമ കണ്ടത് എന്തിന്?

**കെ. സച്ചിദാനന്ദൻ:** മലയാളിയുടെ കലാസ്വാദനത്തിന്റെ ഒരു പ്രധാന ദൗർബല്യത്തിൽ തന്നെയാണ് സന്തോഷ് കൈ വെയ്ക്കുന്നത്. അതിനെ contentism (ഉള്ളടക്ക മാത്ര വാദം) എന്നു പറയാം. കവിതയായാലും സിനിമയായായാലും അതിനെ ഉള്ളടക്കം, ആശയം, സന്ദേശം തുടങ്ങിയ ചില സത്തകളിലേയ്ക്കു ചുരുക്കി വിലയിരുത്താനുള്ള പ്രവണതയാണ് ഞാനുദ്ദേശിക്കുന്നത്. ഇതിന് ഒരു ദീർഘ ചരിത്രമുണ്ട്. പുരോഗമനത്തെ കേവലം സാമൂഹ്യ സമീപനത്തിന്റെ കാര്യമാക്കിച്ചുരുക്കിയ കാലത്തോളം അതു പിന്നോട്ടു പോകുന്നു. എന്ത് എന്നത് എങ്ങനെ എന്നതിനെ വിഴുങ്ങി. ഭാഷ—സാഹിത്യത്തിന്റെയായാലും സിനിമയുടെയായാലും—അപ്രധാനമായി. ഇതു തിരുത്താനാണ്, എല്ലാ കുറവുകളോടും കൂടി, ആധുനികത ശ്രമിച്ചത്. പുരോഗമനവും ആധുനികതയും തമ്മിലുള്ള ഈ വിചിത്രവിഘടനം മലയാളിയുടെ ആസ്വാദന സമീപനത്തെത്തന്നെ വികലമാക്കി. ആസ്വാദനത്തിലെ ഒരു റിഡക്ഷനിസമായിരുന്നു ഇത്. കാവ്യഭാഷയെയോ ചലച്ചിത്രഭാഷയെയോ ഒരിഞ്ചും മുന്നോട്ടു കൊണ്ടുപോകാത്തവർ രാഷ്ട്രീയ സമീപനത്തിന്റെ പേരിൽ വാഴ്ത്തപ്പെട്ടു. ഡോക്യുമെന്ററി ശക്തമായ ഒരു മാദ്ധ്യമമാണ്, പക്ഷേ സിനിമ വേറെയാണ്. ചില വിദ്യാർത്ഥികൾ ഇയ്യിടെ എടുത്ത ചില ഷോർട് ഫിലിമുകൾ കണ്ടപ്പോൾ സന്തോഷം തോന്നി. എല്ലാം നഷ്ടമായിട്ടില്ല.

**ദാമോദർ പ്രസാദ്:** മാൻഹോൾ സിനിമ കലാപരമല്ല എന്ന് സമർത്ഥിക്കാനാണോ ഇത്ര ചരിത്രപരമായ വിശദീകരണം വി. ആർ. സന്തോഷ് നല്കിയിരിക്കുന്നത്.

ന്യൂജെൻ സിനിമയെ കുറിച്ചുള്ള വെറുങ്ങലിച്ച വീക്ഷണത്തോടും വിയോജിക്കുന്നു.

കലാപരം, സൗന്ദര്യാത്മകം തുടങ്ങിയ മാമൂലകളെ ഇത്ര പ്രാധാന്യത്തോടെ വി. ആർ. സന്തോഷ് കാണുന്നു എന്നത് അതിശയകരം തന്നെ...

**നന്ദിനി മേനോൻ:** 'മലയാളി സിനിമ കണ്ടത് എന്തിന്' രാഷ്ട്രീയ പ്രഖ്യാപനങ്ങളായും സമീപനങ്ങളായും കൊണ്ടാടിയ പലതും മികച്ചതെന്നു തെളിയിക്കേണ്ടത് പ്രേക്ഷകന്റെ ബാധ്യതയായിത്തീർന്നതെങ്ങിനെയെന്നു ചിന്തിക്കാറുണ്ട്.

അതി ശക്തമായി കഥ പറയുന്ന ചില ഷോർട്ട് ഫിലിമുകൾ ഈയിടെയായി കാണുന്നുണ്ട്. രണ്ടു മണിക്കൂർ കാഴ്ചകൾ പപ്പും പൂടയും പറിച്ചൊതുക്കലല്ല ഷോർട്ട് ഫിലിം എന്നു ചെറുപ്പക്കാർ തിരിച്ചറിയുന്നുണ്ട്...

**കെ. എച്ച്. ഹുസൈൻ:** മലയാളത്തിലെ ന്യൂ ജനറേഷൻ സിനിമകളിൽ കഥകളും സംഭാഷണങ്ങളും ആക്ഷനുകളും അടിപൊളിയായി തീർന്നിരിക്കുന്നു. മദ്ധ്യ-ഉപരിവർഗ്ഗത്തിന്റെ ആശങ്കകളും ആഹ്ലാദങ്ങളുമാണ് പുതുസംവിധായകരേയും ജനത്തേയും ഹരം പിടിപ്പിക്കുന്നത്. പട്ടിണിയും പരിവട്ടങ്ങളുമില്ലാത്ത ആനന്ദകരമായ നിമിഷങ്ങൾ സിനിമയിലെങ്ങും നിറഞ്ഞുനിൽക്കുന്നു. നർമ്മങ്ങൾ ഇടക്കിടെ നുരയുന്നുണ്ട്. ഇതൊക്കെ മാത്രം ഇഷ്ടപ്പെടുന്ന തരത്തിൽ മലയാളിയുടെ കാഴ്ചസംസ്കാരവും മാറിപ്പോയിരിക്കുന്നു. ഉപഭോഗസംസ്കാരത്തിന്റെ പ്രധാനപ്പെട്ട ഒരു ലക്ഷണം സുഖത്തെ അലോസരപ്പെടുത്തുന്ന കാഴ്ചകളിൽനിന്നും കേൾവികളിൽനിന്നും അകന്നുനിൽക്കുകയെന്നതാണ്. സിനിമകളിൽനിന്ന് ഗ്രാമങ്ങൾ ക്രമേണ മാഞ്ഞുപോകുകയും നഗരങ്ങൾ കൂടുതലായി ഇടംപിടിക്കുകയും ചെയ്യുന്നതിൽ ഇതുകണ്ടെത്താൻ കഴിയും. അർബനൈസേഷൻ സിനിമകൾക്ക് ചടുലതയും വർണ്ണങ്ങളും സമ്മാനിക്കുന്നു.

കഷ്ടപ്പാടിലും അവഗണനയിലും ജനിച്ചു ജീവിച്ച് മരിച്ചുതീർക്കുന്ന മനുഷ്യരെ ഈ സിനിമകളിൽ അങ്ങനെ കാണാറില്ല. തൊണ്ണൂറുകളുടെ അവസാനം വരെ നിലനിന്നിരുന്ന മദ്ധ്യവർത്തിസിനിമ ന്യൂജനറേഷൻ കാലത്ത് അപൂർവ്വമായിത്തീർന്നിരിക്കുന്നു. പുതുകാലത്തിലെ ഐടി ജീവിതങ്ങൾ, സ്മാർട്ട്ഫോൺ ഇടപെടലുകൾ, ഡിസൈൻ വസ്ത്രങ്ങൾ, ഇന്റർകോണ്ടിനെന്റൽ ഭക്ഷണങ്ങൾ, സൗഹൃദ മദ്യപാനങ്ങൾ—അങ്ങനെ ആഢംബരപൂർണ്ണമാണ് സിനിമയിലെ കേരളീയ ജീവിതങ്ങൾ. ഇതിനപ്പുറം കേരളത്തിൽ മറ്റുജീവിതങ്ങൾ ഉണ്ടോ എന്ന ഒരന്വേഷണം ഇത്തരം സിനിമകളിലില്ല. മതം, ജാതി, രാഷ്ട്രീയം, വിശപ്പ്, രോഗം ഇവയൊക്കെ കേരളത്തിൽനിന്ന് ഏതാണ്ട് അപ്രത്യക്ഷമായ മട്ടാണ് ചിത്രങ്ങൾ കാണുമ്പോൾ ഉണ്ടാകുന്നത്. കാഴ്ചകളുടെ ഉത്സവങ്ങളിലേക്കാണ് രണ്ടുമണിക്കൂർ കാണികൾ ആനയിക്കപ്പെടുന്നത്. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾക്കും വറുതികൾക്കും മീതെ സ്വർണ്ണപാത്രങ്ങൾ കമഴ്ത്തി അവ കാഴ്ചക്കാരുടെ വിസ്മൃതികളായിമാറുന്നു. രണ്ടാമതൊന്നുകൂടി കാണാനുള്ള കൗതുകം പോലും അവശേഷിപ്പിക്കാതെയാണ് പലതിന്റേയും തിരോധാനം.

കമ്മട്ടിപ്പാടങ്ങളും കുമ്പളങ്ങി രാത്രികളും തൊണ്ടിമുതലും പ്രേമവും ഇവയിലുണ്ടാകുന്നുണ്ട്. നഗരവൽക്കരണത്തിൽ നിഷ്കാസിതരായ ജനങ്ങൾ, മദ്യത്തിലേക്കും അക്രമങ്ങളിലേക്കും തള്ളിയിടപ്പെട്ട ജീവിതങ്ങൾ, പുതുമുതലാളിമാരുടെ പുതിയ ഇരകളും അടിമകളുമായിത്തീർന്ന ദളിതു ജീവിതങ്ങൾ, റൊമാൻസിന്റെ ആഹ്ലാദങ്ങളോടൊപ്പം മീൻപിടുത്തങ്ങളും സങ്കടങ്ങളും—ഇവയൊക്കെ സ്പർശിക്കുന്ന പ്രമേയങ്ങൾ അപൂർവ്വമായെങ്കിലും ന്യൂ ജനറേഷനിൽ കടന്നുവരുന്നു. ന്യൂജനറേഷനിൽതന്നെ വ്യത്യസ്തമായൊരു മദ്ധ്യവർത്തിസിനിമ രൂപംകൊള്ളുന്നത് ഇവയിൽ കണ്ടെത്താം. സമൂഹത്തിന്റെ പിന്നാമ്പുറക്കാഴ്ചകൾ പലപ്പോഴും വയലൻസും സ്റ്റണ്ടുമായി ഒടുങ്ങുകയാണ്. ഇത്തരം ഒരു സാമൂഹ്യാവസ്ഥ നിലനില്ക്കുന്നതിനെതിരെ ഒരു ചോദ്യവും ഇവ ഉയർത്തുന്നില്ല. അത്തരം രാഷ്ട്രീയബോധങ്ങൾ നിർമ്മിച്ചെടുക്കാൻ ഇതിന്റെ സംവിധായകർക്കോ സംഘാടകർക്കോ ഉദ്ദേശ്യവുമില്ല.

ലോകസിനിമകളിലെ മികച്ച സിനിമകൾ പണ്ടൊന്നും സങ്കല്പിക്കാൻ കഴിയാത്ത തരത്തിൽ പുതുതലമുറ കാണുന്നുണ്ട്. കെട്ടുകാഴ്ചകൾ നിറച്ച് പ്രേക്ഷകരെ തിയ്യേറ്ററുകളിലേക്കെത്തിച്ച് പണം വാരുക എന്നുള്ളതാണ് ഭൂരിഭാഗം ന്യൂജനറേഷൻ സിനിമകളുടെയും ലക്ഷ്യം. പുതുസാങ്കേതികത കൊണ്ടുവരുന്ന അട്ടിമറികളെ സ്വായത്തമാക്കാനും യുവതയുമായി പങ്കുവച്ച് രസിക്കാനുമുള്ള ഹരവും ഒപ്പമുണ്ട്. മറാത്തിയും തമിഴുമുൾപ്പെടെ ഇന്ത്യയിലെ മറ്റു പ്രാദേശികസിനിമകളിലെ യുവത്വം സ്വന്തം ജനതയുടെ നൊമ്പരങ്ങളേയും ആശങ്കകളേയും നെഞ്ചേറ്റുന്ന കാഴ്ച നമ്മുടെ കുട്ടികൾക്ക് അത്ര മതിപ്പുള വാക്കാനിടയില്ല. രാഷ്ട്രീയം സർഗ്ഗാത്മകവ്യാപാരങ്ങളിൽ കഴിവതും അകറ്റിനിർത്തേണ്ട ഒന്നാണല്ലൊ.

ന്യൂജനറേഷൻ സിനിമകളുടെ അടഞ്ഞ സ്ഥലികളിൽ ഒരു കൂട്ടം ചെറുപ്പക്കാർ കണ്ണുതുറന്നിരിപ്പുണ്ട്. ജയൻ കെ ചെറിയാൻ (പാപ്പിലിയോൺ ബുദ്ധ), സുദേവൻ (ക്രൈം നമ്പർ 8), സനൽകുമാർ (ഒഴിവു ദിവസത്തെ കളി), മനു കാക്കനാടൻ (മൺറോതുരുത്ത്), സജിൻ ബാബു (അസ്തമയം വരെ), ഷാനവാസ് നരണിപ്പുഴ (കാരി), റാഡി (വെളുത്തരാത്രികൾ), വിധു വിൻസെന്റ് (മാൻഹോൾ), ലിജോ ജോസ് പെല്ലിശ്ശേരി (ഈ. മ. യൗ., ജല്ലിക്കട്ട്)... ഇവരുടെ സാന്നിദ്ധ്യം നല്കുന്ന പ്രതീക്ഷകൾ വലുതാണ്. ഇവരിൽ പലരുടേയും നിർമ്മാണരീതി നാടിനേയും നാട്ടുകാരേയും പങ്കെടുപ്പിക്കുന്ന ജനകീയ രീതിയാണ്—ലോകസിനിമയിൽ അബ്ബാസ് കിയാരോസ്തമി പരീക്ഷിച്ച മാതൃക. കേരളീയ ജീവിതത്തിന്റെ ആഢംബരത്തോടുള്ള അഭിരതിക്കെതിരെ ഇവർ സിനിമയെ മാത്രമല്ല, നിർമ്മാണരീതിയേയും അണിനിരത്തുന്നു. ഇവരെ ന്യൂ ജനറേഷനിൽ ലേബൽ ചെയ്യുന്നത് ചലച്ചിത്ര മാദ്ധ്യമത്തോടും കേരളീയ ജീവിതത്തോടും അവരെടുക്കുന്ന നിലപാടുകളെ തെറ്റിദ്ധരിക്കാൻ ഇടയാക്കും.

ഇതിൽനിന്നൊക്കെ വ്യത്യസ്തമായി അധികമാരുമറിയാതെ ഒരു 'അണ്ടർഗ്രൗണ്ട്' സിനിമ മലയാളത്തിൽ അടുത്ത കാലത്തായി രൂപംകൊള്ളുണ്ട്. സുദേവനിൽ നിന്നാണ് അതിന്റെ തുടക്കം. പത്തുലക്ഷത്തിനു താഴെ മാത്രം മുതൽമുടക്കുള്ള അവ ഉൾനാടൻഗ്രാമങ്ങളുടെ അറിയപ്പെടായ്കയിലാണ് ജന്മമെടുക്കുന്നത്. പൊതുജനത്തെ ആകർഷിക്കാനുള്ള ആക്ഷനുകളും സംഭാഷണങ്ങളുമില്ലാത്ത അവയിൽ പക്ഷെ, ഉടനീളം ജനം നിറഞ്ഞുനിൽക്കുന്നു. എല്ലാ അർത്ഥത്തിലും സാധാരണ ജനങ്ങൾ, അവരുടെ വറുതികൾ, വിങ്ങലുകൾ, നിശ്ശബ്ദതകൾ, മങ്ങിപ്പോകുന്ന ജീവിതാഭിലാഷങ്ങൾ—ചടുലമായ ഏത് സംഭാഷണങ്ങളേക്കാളും മീതെയായി അത് ആശങ്കകളും ദുരൂഹതകളും സമ്മാനിക്കുന്നു. സിദ്ദിക്ക് പറവൂരിന്റെ 'കന്യാവനങ്ങൾ', 'താഹിറ' എന്നീ ചിത്രങ്ങൾ സമകാലീന മലയാളി ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് കാഴ്ചകളെ തിരിക്കുന്നു. യഥാർത്ഥ്യങ്ങളിൽനിന്ന് അയഥാർങ്ങളിലേക്ക് മെല്ലെ മെല്ലെ എത്തിപ്പെടുന്ന അവ ആർഭാടപൂർണ്ണമായ മലയാളി ജീവിതത്തിന്റെ അസംബന്ധങ്ങൾ അനാവരണം ചെയ്യുന്നു.

കോവിഡാനന്തരകാലത്ത് മാളുകളിൽനിന്നും സിനിമാപ്രദർശനങ്ങൾ ബയോസ്കോപ്പുകളിലേക്ക് മാറാനുള്ള സാദ്ധ്യകൾ ഉയർന്നുവരുന്നുണ്ട്. സാമൂഹ്യഅകലം അനുധാവനം ചെയ്തവർ വലിയആൾക്കൂട്ടങ്ങളെ ഭയപ്പെടുന്നവരായിത്തീരുമെന്ന് തീർച്ച. ഗ്രാമങ്ങളിലുയരുന്ന ചെറിയ കൂടാരങ്ങളിൽ അണ്ടർഗ്രൗണ്ട് സിനിമകൾ ജനങ്ങളുടേതായി മാറും.

—ഹ

**അബ്ദുൾ:** സന്തോഷിന്റെ ചോദ്യം പ്രസക്തമാണ്. മാൻ ഹോളിനു വേണ്ടിയായിരുന്നോ നാമുറക്കമിളച്ചത്? എന്നാൽ, ലോകോത്തര സിനിമകൾ കണ്ടതുകൊണ്ട് മാത്രം ഒരു സമൂഹത്തിൽ നല്ല സിനിമകൾ നിർമ്മിക്കപ്പെടില്ല. സാമൂഹ്യ പരിവർത്തനത്തിന്റെ സമാന്തര മിശ്രിതം കൂടി വേണം. ഇന്നത്തെ ഇന്ത്യ അത്തരം സാധ്യതകളെ പൂർണമായും റദ്ദ് ചെയ്തു കഴിഞ്ഞു. കേരളമാകട്ടെ, നവോത്ഥാനന്തരം ലൈംഗികമായി അടിച്ചമർത്തപ്പെട്ട ഒരു സമൂഹമായി മാറുകയും ഫ്യൂഡൽ സദാചാരബോധം പിടിപെട്ട ഒന്നായി തീരുകയും ചെയ്തു. വ്യവസ്ഥാപിത ഇടതുപക്ഷവും ഈ സദാചാരത്തിന്റെ വക്താക്കളായി മാറി. ഫലമോ?

സിനിമപോലെആവിഷ്കാരത്തിൽ വലിയ സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന മാധ്യമങ്ങൾ (മറ്റൊന്ന് ചിത്ര രചന) വിപഥിതമായി (abberated). Von Tier-ന്റെ Nymphomaniac പോലെയോ Kim Ki-duk-ന്റെ Moebius പോലെയോ ഒരു സിനിമ നമുക്ക് ആലോചിക്കാൻ കഴിയുമോ? അതുകൊണ്ട് നമ്മുടെ സിനിമ ആവിഷ്കാരം ഒരിക്കലും സത്യസന്ധം ആകില്ല. ഒരു കുരുട്ട് കലയാണ് അത് സൃഷ്ടിക്കുക.

എന്നാൽ ഇറാനിയൻ സമൂഹം നമ്മളെക്കാൾ ലൈംഗിക അടിച്ചമർത്തൽ നേരിടുന്ന സമൂഹമായിട്ടും ലോകോത്തര സിനിമകൾ അവിടെ നിന്നും ഉണ്ടാകുന്നു. അതിന് കാരണം അവരുടെ ആന്തരിക സാംസ്കാരിക ധാരയാണ്. മറ്റൊന്ന് പ്രതിഭയാണ്. അതുകൊണ്ടാണ് Godarde കിരസ്തോമിയെ കുറിച്ച ഇങ്ങനെ പറഞ്ഞത്, Cinema begins with Grifith ends with Kirasthomi.

അപ്പോൾ, ഒന്നുകിൽ നാം സാമൂഹ്യമായി ആധുനികവത്കരിക്കപ്പെടണം അല്ലെങ്കിൽ പ്രതിഭകൊണ്ട് ലൈംഗിക അടിച്ചമർത്തലിനെ മുറിച്ചു കടക്കണം. മലയാള സിനിമയിൽ അത്ര പ്രതിഭയുള്ളവർ ഉണ്ടാവുമെന്ന് കരുതാം. നാം കൂടുതൽ ഇരുട്ടിലേക്ക് നടന്നടുക്കുകയാണല്ലോ!

**ആഷിഖ്:** സിനിമയെക്കുറിച്ചുള്ള വ്യത്യസ്തമായ നിരീക്ഷണങ്ങൾ. സമീപനങ്ങൾ, പലതും പുതിയ അറിവുകൾ. നന്ദി.

**സെന്തിൽ :** സന്തോഷിന്റെ അവലോകനത്തിൽ ഷാജി കരുണിന്റെ 'പിറവി' പരാമർശിക്കപ്പെട്ടില്ല. മലയാളിക്ക് മറക്കാനാവാത്ത ഒരു ചിത്രമാണത്. മദ്ധ്യവർത്തിയിൽ ഭരതന്റെ പേര് വിട്ടുപോയത് വലിയ പിഴവാണ്. ജയരാജും കുറെ ഭേദപ്പെട്ട സിനിമകൾ എടുത്തിട്ടുണ്ട്. ഒപ്പം സനൽകുമാർ ശശിധരന്റെ ചിത്രങ്ങളെക്കുറിച്ചും ഒന്നും എഴുതി കണ്ടില്ല. സനലിന്റെ 'ഒഴിവു ദിവസത്തെ കളി' നല്ലൊരു പരീക്ഷണ ചിത്രമായിട്ടാണ് അനുഭവപ്പെട്ടത്. എന്തേ വിട്ടുപോയത്?

**ദാമോദർ പ്രസാദ്:** നിയോ-റിയലിസ്റ്റ്, ന്യൂ വേവ് തുടങ്ങിയ പ്രവണതകളെ കുറിച്ച് ലോക സിനിമയുടെ ചരിത്രം അതിന്റെ സ്വഭാവമെന്തെന്ന് ഏറെക്കുറെ വ്യക്തമാക്കുന്നുണ്ട്.

പക്ഷേ ന്യൂജൻ എന്ന കാറ്റഗറി ഒരൊഴുക്കിൽ പറഞ്ഞുപോകുന്നുവെന്നതൊഴിച്ചാൽ അതിന്റെ സവിശേഷ സ്വഭാവമെന്തെന്ന് വ്യക്തമല്ല. അതുകൊണ്ട് ന്യൂജൻ എന്നതുകൊണ്ട് അർത്ഥമാക്കുന്ന പ്രവണതയേത്? അതിന്റെ പ്രാതിനിധ്യ സംവിധായകർ ആരൊക്കെ? അതിന് പൊതുവായ ഭാവതലമുണ്ടെങ്കിൽ അത് എന്താണ് എന്നൊക്കെ വ്യവച്ഛേദിച്ച് വ്യക്തമാക്കേണ്ടതുണ്ട്?

ചുമ്മാ നമ്മുക്ക് രണ്ടോ മൂന്നോ സിനിമകൾ ഇഷ്ടമായില്ല എന്നതുക്കൊണ്ട് വിമർശനത്തിനു പകരം കുറ്റാരോപണം ഉന്നയിക്കാനായി ഒരു കാറ്റഗറി കണ്ടെത്തി ആക്രമിക്കുന്നതിൽ വലിയ പതിരില്ല.

ന്യൂജൻ സിനിമ എന്നു വിശേഷിപ്പിച്ചുകൊണ്ട് നടത്തിയിട്ടുള്ള ആരോപണങ്ങളൊക്കെ മലയാളത്തിലെ കഴിഞ്ഞ ഒരു മൂന്നു ദശകങ്ങളിലെ സിനിമയക്ക് മുഴുവൻ ബാധകമാകും.

അത് മലയാളത്തിലെ കച്ചവട സിനിമയുടെ പൊതു ട്രന്റാണ്.

ചാപ്പാ കുരിശാണ് മലയാളത്തിലെ വിളിച്ചു വരുന്ന ന്യൂജനറേഷൻ സിനിമയെങ്കിൽ, ഇഷ്ക്, കിസ്മത്ത്, ചാർളി, പ്രേമം, ഡ്രൈവിങ്ങ് ലൈസൻസ് എന്നിങ്ങനെ പല സമയങ്ങളിൽ ഇറങ്ങിയ ചലച്ചിത്രങ്ങൾ ന്യൂജൻ ഗണത്തിൽപ്പെടുമോ?

വ്യക്തമാവേണ്ടതുണ്ട്.

അതേ സമയം, ഡയറക്ടറുടെ പ്രായം മുൻനിർത്തി കസബയും വരനെ ആവശ്യമുണ്ട് എന്നീ സിനിമകൾ ന്യൂജൻ സിനിമയായി കാണാൻ പറ്റുമോ? പറ്റില്ല. രഞ്ജീ പണിക്കർ, സത്യൻ അന്തിക്കാടിന്റെ ചലച്ചിത്ര സ്വഭാവം ആവർത്തിക്കുക മാത്രമാണിതിൽ.

പക്ഷേ അങ്ങനെയല്ല ഉസ്താദ് ഹോട്ടൽ, ലവ് 24 × 7, ബാംഗ്ലൂർ ഡെയ്സ്.

രാമലീല ഒരു ന്യൂജൻ സിനിമയാണോ, ചെറുപ്പക്കാരൻ സംവിധായകന്റെ ആദ്യ സിനിമ എന്നൊരൊറ്റ കാരണം കൊണ്ട്?

പറഞ്ഞു വരുന്നത്, കുറ്റാരോപണം ഉന്നയിക്കുന്നതിന് മുമ്പ് ഏത് തരം സിനിമകൾ? പ്രവണതകൾ? പ്രതിനിധാനങ്ങൾ—എന്നിവയെയാണ് ന്യൂജൻ സിനിമ എന്നു വിളിക്കുന്നതിൽ ക്ലാരിറ്റി വേണം.

അണ്ടർ ഗ്രൗണ്ട് സിനിമയെ കുറിച്ചുള്ള നിരീക്ഷണത്തോടും വിയോജിപ്പാണ്. വീണ്ടും കാറ്റഗറി തിരിക്കുന്നത് വ്യക്തതയുടെ അടിസ്ഥാനത്തിലാണെന്ന് തോന്നുന്നില്ല. ആണെങ്കിൽ, അണ്ടർ ഗ്രൗണ്ട് സിനിമയുടെ വ്യവഹാരിക അർത്ഥവും ഇവിടെ ചൂണ്ടി കാണിച്ച പ്രവണതയും തമ്മിലുള്ള ബന്ധം അവ്യക്തമാണ്.

കുറച്ചു കൂടി വിശദീകരിക്കാം, ചർച്ച തുടരുകയാണെങ്കിൽ, ആ ഘട്ടത്തിൽ.

## ഉണ്ണി ആർ: മലയാളി മെമ്മോറിയൽ

**ആഷ്‌ലി മേരി ബേബി:** മലയാളി മെമ്മോറിയൽ നല്ലൊരു വായനാനുഭവമായിരുന്നു. വായനയ്ക്കിടയിൽ ആ കഥ എങ്ങോട്ട് പോകുന്നു എന്നതിൽ വലിയ ആകാംക്ഷ ഉണ്ടായിരുന്നു. ജാതിപ്പേരുകൊണ്ട് ആ കുട്ടി അപമാനിക്കപ്പെടുന്നു എന്നാണ് ആദ്യം കരുതിയത്. പക്ഷേ, ഇത്രയും ഗുരുതരമാണ് പ്രശ്നങ്ങൾ എന്ന് പിന്നീട് മനസ്സിലായി. വായിച്ച ഉടനെ ഞാൻ കഥാകൃത്തിന്റെയും അദ്ദേഹത്തിന്റെ അച്ഛന്റെയും പേരു് ചുമ്മാ ഒന്ന് പരിശോധിച്ചു. കേട്ടോ.

മറ്റൊരു കാര്യം കൂടി, മലയാളത്തിന് പത്താം ക്ലാസ്സിൽ 98 മാർക്ക് വാങ്ങി (അന്ന് അതൊരു സംഭവമായിരുന്നു) സ്കൂളിലെ ടോപ്പറായി വിലസിയ ഞാൻ ആ മലയാളം പിന്നീട് ഉതകിയില്ലല്ലോ എന്നോർത്ത് സങ്കടപ്പെട്ടിട്ടുണ്ട്. സായാഹ്നയിലെത്തിയതോടെ ആ സങ്കടം മാറി. നേരവും കാലവും നോക്കാതെ പുസ്തകം ചുമന്നുനടക്കാതെ അടുക്കളയിലും യാത്രയ്ക്കിടയിലും ക്ലിനിക്കിലും, എവിടെയും വായനയുടെ ‘കോംബോ’ രുചിക്കൂട്ട് നൽകുന്ന സായാഹ്നക്ക് നന്ദി.

**ശില്പ:** മലയാളി മെമ്മോറിയൽ വായിച്ചു. സന്തോഷിന്റെ കണ്ണിലെ അംബേദ്കർ, അംബേദ്കറിന്റെ വേഷം അണിഞ്ഞതിന്റെ പേരിൽ സന്തോഷിനെ അംബേദ്കർ എന്ന് വിളിക്കുന്നവരുടെ കണ്ണിലെ അംബേദ്കർ, കഥയിലെ ആഖ്യാതാവിന്റെ കണ്ണിലെ അംബേദ്കർ... ഇങ്ങനെ വായനയിൽ മാറി മാറി പ്രത്യക്ഷപ്പെടുന്ന പൊതു ധാരണകളെ കുറിച്ചുള്ള ചില ധാരണകളും ചരിത്രവും വർത്തമാനവും പറഞ്ഞുവയ്ക്കുന്ന ധാരണകളും കഥയിൽ കാണാം... കൂടുതൽ പറഞ്ഞാൽ കഥ പൊള്ളുന്നു.

**കുട്ടീസ്:** കാലം ജാതികളെയും മതങ്ങളെയും അഭിമാന/അപമാന ബോധം തിരിച്ചുപിടിച്ച ബൗണ്ടറികൾക്കുള്ളിലേക്ക് മടക്കയാത്ര നടത്തുന്നു.

**അനു വി എസ്:** കഥകൾ ഇഷ്ടപ്പെടുന്ന എനിക്ക് ഉണ്ണി ആറിന്റെ മലയാളി മെമ്മോറിയൽ ഒരു പ്രത്യേക വായനാനുഭവം ആയിരുന്നു. ചരിത്രവും വർത്തമാനവും ഇഴ ചേർന്ന ഒരു കഥ. കാലം ജാതി ചിന്തകളെ എങ്ങനെ നോക്കി കാണുന്നു, വർത്തമാനത്തിലൂടെ ചരിത്രത്തിലേക്കുള്ള എത്തി നോട്ടം കൂടിയാണ് ഈ കഥ. ജാതിയുടെ പേരിൽ അഭിമാനം വ്രണപ്പെടുന്ന ഒരു സമൂഹത്തിനു നേരെ തിരിച്ച പിടിക്കുന്ന കണ്ണാടിയാണ് മലയാളി മെമ്മോറിയൽ. പാഠാന്തരത എന്ന സമീപന രീതിയെ ആഖ്യാതാവ് എത്ര മനോഹരമായി ഈ കഥയിൽ ഉപയോഗിച്ചിരിക്കുന്നു.

## ശബ്ദതാരാവലിയുമായി ബന്ധപ്പെട്ട ചർച്ചകൾ

**ലിസി മാത്യു:** മലയാളത്തിന്റെ പ്രിയ നടൻ മമ്മൂട്ടിയുടെ സാന്നിധ്യമാണ് ഇന്ന് സായാഹ്നയിലെ ഏറ്റവും വലിയ വിശേഷം. രണ്ടായിരത്തിലേറെ പേജുകളുള്ള ശബ്ദതാരാവലി ഒന്നാംപതിപ്പിന്റെ വീണ്ടെടുപ്പും ഡിജിറ്റൽ പതിപ്പും സായാഹ്ന പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുകയാണ്. ഏറ്റവും ശ്രമകരമായ ജോലി പ്രൂഫ് റീഡിങ് തന്നെയാണ്. വിവിധരാജ്യങ്ങളിലിരുന്ന് കുറേപ്പേർ പ്രൂഫ് തിരുത്തിക്കൊണ്ടിരിക്കുന്നു. രണ്ടു തലമുറയ്ക്ക് കാണാൻ കഴിയാതെ പോയ ഈ പുസ്തകത്തിന്റെ വീണ്ടെടുപ്പിൽ പ്രചോദനം നൽകിക്കൊണ്ട് അതിന്റെ പ്രൂഫ് തിരുത്തി അയച്ചുതന്ന മമ്മൂട്ടിയോട് മലയാളവും സായാഹ്നയും കടപ്പെട്ടിരിക്കുന്നു.

**കെ. എച്ച്. ഹുസൈൻ:** മമ്മൂട്ടിയും കാദിയുമൊത്ത് മഹാരാജാസിന്റെ വരാന്തകളിലൂടെ ഉച്ചയ്ക്ക് അലഞ്ഞുനടന്നിരുന്നത് ഓർമ്മ വരുന്നു. അവരന്ന് കാമ്പസിലെ മിമിക്രിക്കാരും നടന്മാരുമായിരുന്നു. സ്വയംവരം കാണാനായി ക്യൂനിന്നപ്പോൾ മമ്മൂട്ടി The Good, the Bad and the Ugly-യിലെ ക്ലിന്റ് ഈസ്റ്റ്‌വുഡ് ആയി പ്രത്യക്ഷപ്പെടുകയും പലർക്കും നേരെ വെടിയുതിർക്കുകയും ചെയ്തു. മമ്മൂട്ടി അന്ന് ഭേദപ്പെട്ട വായനക്കാരനായിരുന്നു. എം. ടി. യുടെയും സേതുവിന്റെയുമൊക്കെ ഡയലോഗുകൾ അവൻ ഇടക്കിടെ തട്ടിവിടുമായിരുന്നു. ശബ്ദതാരാവലിയുമായി ആത്മബന്ധം അന്നേ ഉണ്ടായിരിക്കണം. അർത്ഥമറിഞ്ഞാലെ കൃത്യമായ വികാരം പ്രകടിപ്പിക്കാൻ കഴിയൂ എന്ന് അന്നേ മനസ്സിലാക്കിയിരിക്കണം. ഒരു സിനിമാനടനായി പ്രശസ്തനാകുമെന്ന് ഇടക്കിടെ എല്ലാവരും കേൾക്കെ മോഹം പറയുമ്പോൾ ഞങ്ങൾ ഉച്ചത്തിൽ ചിരിക്കുമായിരുന്നു.

ലിസി ടീച്ചറും സിവിആറും എഴുതിയതുപോലെ മമ്മൂട്ടിയുടെ പങ്കാളിത്തം ശബ്ദതാരാവലിയെ മാത്രമല്ല സായാഹ്നയുടെ ഭാഷാസംരംഭങ്ങളേയും ജനകീയമാക്കുന്നതിൽ തീർച്ചയായും വലിയൊരു പങ്കുവഹിക്കും. വെള്ളിനക്ഷത്രങ്ങൾ ഇനിയും വരട്ടെ. നക്ഷത്രശോഭ ഭാഷാസാങ്കേതികതയുടെ സ്വാതന്ത്ര്യത്തെ കൂടുതൽ പ്രകാശമാനമാക്കട്ടെ.

### സായാഹ്നയിൽ ശബ്ദതാരാവലിയുടെ പ്രൂഫ് തിരുത്തുന്നവരിൽ ചിലരുടെ പ്രതികരണങ്ങൾ

**മമ്മൂട്ടി:** സന്തോഷം.

**ലളിത ഗൗരി:** ഞാൻ ലളിത ഗൗരി. തിരുവനന്തപുരം സ്വദേശി.

ഇംഗ്ലീഷ് സാഹിത്യത്തിൽ, കേരള സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. കുറച്ചുകാലം കേരള വർമ്മ കോളേജിൽ അധ്യാപികയായിരുന്നു. ഇപ്പോൾ ഓസ്ട്രേലിയയിൽ താമസം. സാമൂഹ്യശാസ്ത്ര ഗവേഷകയായി ജോലി ചെയ്യുന്നു. കൂടെ ഭാഷാ-സാഹിത്യ പ്രവർത്തനവും. ഇവിടുത്തെ മലയാളസാഹിത്യ കൂട്ടായ്മയായ തുലിക സാഹിത്യവേദിയിലും അവരുടെ സാഹിത്യമാസികയിലും പ്രവർത്തിക്കുന്നു. സായാഹ്നയുടെ ഈ പ്രവൃത്തി വളരെ ആസ്വദിച്ചു ചെയ്യുന്നു. പഴയതും പുതിയതുമായ എത്രയോ വാക്കുകൾ അറിയുന്നു. ഭാഷയുടെ ഒരു അമൂല്യനിധി കിട്ടുന്നതു പോലെ. ഇംഗ്ലീഷിൽ പറഞ്ഞാൽ very rewarding. ഇതിന്റെ ഭാഗമാക്കിയതിൽ നന്ദി സായാഹ്നക്ക്.

**സി. എം. ലീല:** ഞാൻ ഗവണ്മെന്റ് വിക്ടോറിയാ കോളേജിൽ മലയാളം അദ്ധ്യാപികയായിരുന്നു. 2007 മാർച്ചിൽ പിരിഞ്ഞു. എനിയ്ക്ക് ഈ ജോലി ഏറെ ഇഷ്ടപ്പെട്ടു. ചില ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് ഒരു ദിവസം രണ്ടു ഫയലിലധികം ചെയ്യാനാവുന്നില്ലെന്നു മാത്രം.

**ശ്രീകാന്ത്:** തപാൽ വകുപ്പിലാണ് ജോലി. ഇപ്പോൾ ലീവിലാണ്. നിലവിൽ കേരള സർവകലാശാലയിൽ മലയാള വിഭാഗം ഗവേഷകൻ.

സി. വി. രാധാകൃഷ്ണൻ സാറിന്റെ വിപുലമായ പ്രവർത്തനമേഖലയെയും വിശിഷ്യാ ശബ്ദതാരാവലിയുമായി ബന്ധപ്പെട്ട് നടന്ന സായാഹ്നയുടെ പ്രവർത്തനങ്ങളെയും പറ്റി മാധ്യമങ്ങളിൽ വന്ന കാലത്തേ ശ്രദ്ധിച്ചിരുന്നു. അന്നേ ആഗ്രഹിച്ചിരുന്നതാണ് ഏതെങ്കിലും വിധത്തിൽ ഈ ഉദ്യമത്തോട് സഹകരിക്കണമെന്ന്. ഇപ്പോൾ വളരെ ചെറിയ തോതിലാണെങ്കിലും അതിനു സാധിച്ചതിൽ ഏറെ സന്തോഷമുണ്ട്.

തുടർന്നും പരമാവധി ശ്രമിക്കാം

**അപ്സര:** കാര്യവട്ടം മലയാള വിഭാഗത്തിലെ ഗവേഷകയാണ്. വളരെയധികം സന്തോഷമുണ്ട്, ഈ ഉദ്യമത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ. എന്നെ സംബന്ധിച്ച് lockdown കാലത്തെ പ്രയോജനപ്രദമാകുന്ന ചുരുക്കം ചില പ്രവൃത്തികളിൽ ഒന്നാണിതു്. എത്ര എത്ര പുതിയ വാക്കുകൾ! അർത്ഥങ്ങൾ...! അക്ഷരങ്ങളും അടയാളപ്പെടുത്തലും സംബന്ധിച്ച ഒരുപാട് സംശയങ്ങൾ ഉണ്ടായിവന്നിട്ടുണ്ട്. കുറേ ഏറെ തിരുത്തലുകൾക്ക് അവസരം കിട്ടി. സർഗാത്മകമായി സമീപിക്കുന്ന പക്ഷം നിഘണ്ടുവായന വിരസമായ ഒന്നല്ല...

ഭാഷയ്ക്ക് വേണ്ടി പലമേഖലയിൽ നിന്നുള്ളവർ ഒത്തുചേരുന്ന ഒരിടത്തിൽ പങ്കുകൊള്ളാനായതിലുള്ള സന്തോഷം...

(മമ്മൂട്ടി സർന്റെ സാന്നിധ്യം നൽകിയ സന്തോഷം എടുത്തു പറയട്ടെ!!!)

**അല്ലക്ക അബ്ദുൽ ഗഫൂർ:** ശബ്ദതാരാവലിയുടെ കൂടെ കൂടാൻ പറ്റിയില്ല. മലയാളത്തിൽ എനിക്ക് അത്ര വിവരം പോരാ... പിന്നെ ആ ഗ്രന്ഥത്തിന്റെ വലുപ്പം. കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ എന്ന ആപ്തവാക്യവും മനസ്സിലുണ്ട്.

**ലിസി മാത്യു:** പഴഞ്ചൊല്ല് പലതുണ്ട് പലതുള്ളി പെരുവെള്ളം എന്നും ഉണ്ട്.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**അശോക് കുമാർ:** സായാഹ്ന പ്രസിദ്ധീകരിക്കുന്ന കൃതികളെക്കുറിച്ചുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും ഗ്രൂപ്പുകളിൽ എപ്പോഴും സ്വാഗതാർഹമാണ്. അതാണെങ്കിൽ വളരെ ആവശ്യവുമായിരിക്കുന്നു. പ്രസിദ്ധീകരിക്കുന്ന കൃതികളെല്ലാം തന്നെ ധാരാളമായി വായിക്കുന്നുണ്ട് എന്നറിയാൻ സാങ്കേതികതകൊണ്ടു സാധിക്കുന്നുണ്ട്. വായനക്കാരുടെ പ്രതികരണങ്ങൾ എഴുതി (ഇമോജികൾ ഒഴിവാക്കി) അറിയിച്ചാലേ മുന്നോട്ടുള്ള ദിശയെപ്പറ്റി ശരിയായബോധം പ്രവർത്തകർക്കു ലഭിക്കൂ. എഴുത്തുകാരും നമ്മുടെ പ്രതികരണങ്ങൾ കാണുമ്പോൾ പ്രചോദിതരാകുന്നുണ്ട്. അച്ചടി മാധ്യമങ്ങളെ അപേക്ഷിച്ച് നമുക്ക് ഒരുപാട് സൗകര്യങ്ങളുണ്ട് പ്രതികരിക്കാൻ.

ചിത്രങ്ങളും ലിങ്കുകളും പൊതു വിവരങ്ങളും വായനയുമായി ബന്ധമില്ലാത്ത മറ്റു പോസ്റ്റുകളും മാത്രമെ ഇവിടെ നിയന്ത്രിക്കുന്നുള്ളു. വായനയെപ്പറ്റിയുള്ള എത്ര നിസ്സാരമെന്നു കരുതുന്ന പ്രതികരണങ്ങളും നമുക്ക് വിലപ്പെട്ടതാണ്.

ഒരു സുപ്രധാന കാര്യം ഏതെങ്കിലും ഒരു ലേഖനത്തെപ്പറ്റിയോ പ്രതികരണത്തെപ്പറ്റിയോ ആരെങ്കിലും പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ, മറ്റഭിപ്രായങ്ങളുടെ അഭാവത്തിൽ, ഗ്രൂപ്പിന്റെ മൊത്തം അഭിപ്രായമായി തെറ്റിദ്ധരിക്കാനുള്ള സാദ്ധ്യതയും വളരെയധികമാണ്. അതുകൊണ്ട് വ്യത്യസ്താഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള വിമുഖത, ജനാധിപത്യസമ്പ്രദായത്തിലെ പോലെ, നമ്മുടെയെല്ലാം അഭിപ്രായം മറ്റാരെങ്കിലും പറയുന്നു എന്ന സ്ഥിതിയിലേക്കെത്തിക്കും.

(ആഗസ്റ്റ് 2 മുതൽ 8 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014